**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :594 **29.10.2019**-ലെ മറുപടിക്ക്

## റബ്ബർ അധിഷ്ഠിത വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിലേക്കുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിന് കെ-ബിപ്പ്- നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>(ബി) പ്രസ്തുത സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(എ)&(ബി)** നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിലേക്കുള്ള സാദ്ധ്യത പഠനം നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ 05/09/2019-ലെ നം.246/ജി2/2019/വ്യവ. കത്ത് പ്രകാരം കെ-ബിപ്പ് നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത സാദ്ധ്യതാ പഠനം നടത്തുന്നതിന് കെ-ബിപ്പ് നാളിതുവരെയായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | **(സി)** പുറമേ നിന്നുള്ള ഒരു വിദ്ഗദ്ധ ഏജൻസി മുഖേനയാണ് പ്രസ്തുത സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്.ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തി വിദ്ഗദ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് കെ-ബിപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

നം.246/ജി2/2019/വ്യവ　　　　　　　　　　　　വ്യവസായ (ജി) വകുപ്പ്
തിരുവനന്തപുരം,
തീയതി, 05/09/2019

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ
2,വിദ്യ നഗർ
തൈക്കാട്
തിരുവനന്തപുരം
695014

സർ,

വിഷയം:- വ്യവസായ വകുപ്പ് - നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നത്-വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- വ്യവസായ വാണിജ്യ ഡയറക്ടറുടെ 26/07/2019-ലെ ഡി.ഐ.സി/15185/2018-പി.എം.പി 5 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കേന്ദ്രമാക്കി ഒരു റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കണമെന്ന നിർദേശത്തിന്മേൽ പഠനം നടത്തി റിപ്പോർട്ട് മൂന്നു മാസത്തിനകം സമർപ്പിക്കുന്നതിനായി സൂചനയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**രജികുമാർ.ആർ**
**അണ്ടർ സെക്രട്ടറി,**
**പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി**

സെക്ഷൻ ഓഫീസർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ